بسم الله الرحمن الرحيم O نحمده ونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود


ഖുത്ബ നമ്പർ

**42**

18-10-2013


**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز


വിവർത്തനം: ടി.എം.അബ്ദുൽ മുജീബ്, കാക്കനാട്




# യഥാർഥ ദൈവ ദാസരുടെ ലക്ഷണങ്ങൾ

وَقُلْ لِّعِبَادِيْ يَقُوْلُوا الَّتِيْ هِيَ اَحْسَنُ ؕ اِنَّ الشَّيْطٰنَ يَنْزَغُ بَيْنَهُمْ ؕ اِنَّ الشَّيْطٰنَ كَانَ لِلْاِنْسَانِ عَدُوًّا مُّبِيْنًا ۝٥٤

17:54

ഈ വചനത്തിന്റെ തർജ്ജുമ ഇപ്രകാരമാകുന്നു. എന്റെ ദാസരോട് പറയുക, അവർ ഏറ്റവും ഉത്തമമായത് പറയട്ടെ. തീർച്ചയായും പിശാച് അവർക്കിടയിൽ കുഴപ്പം സൃഷ്ടിക്കും. നിശ്ചയമായും പിശാച് മനുഷ്യന്റെ പ്രത്യക്ഷ ശത്രുവാകുന്നു.

ഈ വചനത്തിൽ അല്ലാഹു തന്റെ ദാസർക്ക് നൽകിയിരിക്കുന്ന സന്ദേശങ്ങൾ കേട്ട് കേട്ടുകഴിഞ്ഞു. ഏറ്റവും ഉത്തമമായത് പറയുക എന്നതാണ് ആദ്യം പറയുന്നത്. അല്ലാഹുവിന്റെ പക്കൽ ഉത്തമമായതിനെയാണ് ഉത്തമം എന്ന് പറയുക. അല്ലാഹു ഇവിടെ **'ഇബാദീ'** എന്റെ ദാസരെ എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. എന്റെ ദാസർ അല്ലെങ്കിൽ എന്റെ ദാസരാകുന്നതിനുള്ള അന്വേഷണത്തിൽ മുഴുകിയിരിക്കുന്നവർ സ്വന്തം ഇഛകളെ വെടിഞ്ഞുകൊണ്ട് എന്റെ ഇഛകളെ അന്വേഷിക്കുന്നതാണ്. ഞാനിഷ്ടപ്പെടുന്ന നന്മകളേയും, സൽപ്രവൃത്തികളേയും അന്വേഷിക്കേണ്ടതാണ്. ഇതിന്റെ കൂടുതൽ വിശദീകരണം അല്ലാഹു സൂറ അൽബഖറയിൽ നൽകിയിട്ടുണ്ട്.

وَاِذَا سَاَلَكَ عِبَادِيْ عَنِّيْ فَاِنِّيْ قَرِيْبٌ ؕ اُجِيْبُ دَعْوَةَ الدَّاعِ اِذَا دَعَانِ ۙ فَلْيَسْتَجِيْبُوْا لِيْ وَلْيُؤْمِنُوْا بِيْ لَعَلَّهُمْ يَرْشُدُوْنَ ۝١٨٧

എന്നെ സംബന്ധിച്ച് എന്റെ ദാസർ നിന്നോടു ചോദിക്കുന്ന പക്ഷം പറയുക, നിശ്ചയമായും ഞാൻ സമീപസ്ഥനാകുന്നു. എന്നെ വിളിച്ചു പ്രാർത്ഥിക്കുമ്പോൾ ഞാനവന്റെ പ്രാർത്ഥന കേൾക്കുന്നു. അതിനാൽ, അവർ എന്റെ വിളിക്ക് ഉത്തരം നൽകുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ സന്മാർഗം പ്രാപിക്കുന്നതിന് വേണ്ടി.

ഹദ്റത് മസീഹ് മൗഊദ് (അ) **ഇബാദീ** അതായത് എന്റെ ദാസർ എന്നതിന് കൂടുതൽ വിശദീകരണം നൽകിക്കൊണ്ട് പറയുന്നു: "അല്ലാഹുവിലും റസൂലിലും വിശ്വസിക്കുന്നവരാണ് ഇബാദീ എന്ന ഗണത്തിൽ ഉൾപ്പെടുന്നത്. **ഇബാദീ** എന്നതിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന കാരണത്താൽ അല്ലാഹുവിന്റെ സമീപസ്ഥരുമാണ്. വിശ്വസിക്കാത്തവർ അല്ലാഹുവിൽ നിന്നും വിദൂരത്താണ്." അല്ലാഹു പറയുന്നു, യഥാർത്ഥ ദാസരാകുന്നതിനായി എന്റെ എല്ലാ കല്പനകളെയും പാലിക്കേണ്ടതാണ്. തങ്ങളുടെ വിശ്വാസത്തെ ബലപ്പെടുത്തേണ്ടതാണ്. ഈയൊരു അവസ്ഥ സംജാതമാകുമ്പോൾ സർവ നന്മകളും കരസ്ഥമാക്കുന്നവരായി മാറുന്നതാണ്. ദുഃആകൾ സ്വീകരിക്കപ്പെടുന്നതുമാണ്. എന്റെ ദാസർ എനിക്കിഷ്ടപ്പെട്ട കാര്യങ്ങൾ പറയുകയും പ്രവർത്തിക്കുകയും ചെയ്യുക എന്ന് അല്ലാഹു പറയുമ്പോൾ നിശ്ചയമായും നമ്മുടെ വിശ്വാസങ്ങളെ അഭിവൃദ്ധിപ്പെടുത്തേണ്ടിവരുന്നതാണ്. അല്ലാഹുവിനോടുള്ള കടമകളെ അന്വേഷിക്കേണ്ടി വരുന്നതാണ്. അല്ലാഹുവിന്റെ ദൃഷ്ടിയിലും ഉത്തമവും നല്ലതും മനോഹരവുമായ നിലയിൽ തങ്ങളുടെ കർമങ്ങളെ രൂപപ്പെടുത്തേണ്ടി വരുന്നതാണ്. കർമ്മങ്ങളും വാക്കുകളും വിരുദ്ധമാകാൻ പാടില്ല. കർമ്മങ്ങൾ അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമാകുകയും എന്നാൽ അല്ലാഹുവിന്റെയും റസൂലിന്റെയും, കല്പനകളെ സംബന്ധിച്ച് മറ്റുള്ളവരെ ഉപദേശിക്കുകയും ചെയ്യുകയാണെങ്കിൽ അല്ലാഹു അത്തരത്തിലുള്ള കർമ്മങ്ങളിലെയും വാക്കുകളിലെയും വൈരുദ്ധ്യത്തെ പാപമാണെന്ന് വിശേഷിപ്പിച്ചിരിക്കുന്നു.അല്ലാഹു പറയുന്നു يٰۤاَيُّهَا الَّذِيْنَ اٰمَنُوْا لِمَ تَقُوْلُوْنَ مَا لَا تَفْعَلُوْنَ ۝

വിശ്വാസികളെ നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ എന്തിന് പറയുന്നു, كَبُرَ مَقْتًا عِنْدَ اللّٰهِ اَنْ تَقُوْلُوْا مَا لَا تَفْعَلُوْنَ ۝

നിങ്ങൾ പ്രവർത്തിക്കാത്തത് നിങ്ങൾ പറയുക എന്നത് അല്ലാഹുവിന്റെ ദൃഷ്ടിയിൽ വലിയ പാപമാണ്.

ചുരുക്കത്തിൽ പ്രവർത്തിയിലും വാക്കുകളിലുള്ള വൈരുദ്ധ്യം അല്ലാഹു തീരെ ഇഷ്ടപ്പെടുന്നില്ല, അത് പാപമാകുന്നു. ഒരു ഭാഗത്ത് വിശ്വാസിയെന്ന് വാദിക്കുന്നു, മറുഭാഗത്ത് ഇരട്ടത്താപ്പും. ഇവ രണ്ടും യോജിക്കുന്നതല്ല. ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു: "നിങ്ങൾ എന്റെ വാക്കുകൾ കേട്ടുകൊള്ളുക. നല്ല പോലെ ഓർത്ത് കൊള്ളുക, മനുഷ്യന്റെ വാക്കുകൾ സത്യ ഹൃദയത്തോടു കൂടിയല്ലായെങ്കിൽ, പ്രവർത്തനമാതൃക അനുകൂലിക്കുന്നില്ലായെങ്കിൽ അത് സ്വാധീനം ചെലുത്തുന്നതല്ല. സംസാരം സത്യമല്ലായെങ്കിൽ സംസാരത്തിനനുഗുണമായ കർമ്മങ്ങളില്ലായെങ്കിൽ അത് ഗുണകാരിയാകില്ല."

ചുരുക്കത്തിൽ يَقُوْلُوا الَّتِيْ هِيَ اَحْسَنُ എന്നതിന്റെ അർത്ഥം ഉത്തമമായത് പറയുക എന്നാണ്. ഏതെങ്കിലും മനുഷ്യന്റെ നിർവചനമനുസരിച്ച് ഉത്തമമായതല്ല പ്രത്യുത, അല്ലാഹുവിന്റെ നിർവചനമനുസരിച്ച് ഉത്തമമായിരിക്കണം, നന്മയെ പ്രചരിപ്പിക്കുന്നതായിരിക്കണം, തിൻമകളെ തടയുന്നതായിരിക്കണം. എല്ലാ മനുഷ്യർക്കും തന്റെ ഇഷ്ടത്തെ നിർവചിച്ചുകൊണ്ട് വാക്കുകളിലും കർമ്മങ്ങളിലും വൈരുദ്ധ്യമില്ല എന്ന് പറയാൻ സാധിക്കുന്നതല്ല.

ഒരു മദ്യപാനി, ഞാൻ മദ്യം കഴിക്കുന്നുണ്ട് നിങ്ങളും കഴിക്കുക എന്ന് പറഞ്ഞ് കൊണ്ട് ഞാൻ പ്രവർത്തിക്കുന്നതേ പറയുന്നുള്ളൂ എന്ന് പറയുകയാണെങ്കിൽ അത് നന്മയല്ല, ഉത്തമവുമല്ല. മറിച്ച് പാപമാകുന്നു. നമ്മുടെ സമൂഹത്തിൽ സ്വാതന്ത്രത്തിന്റെ പേരിൽ എത്രത്തോളം നീചകർമ്മങ്ങളാണ് ചെയ്തു കൂട്ടുന്നതെന്ന് നാം കാണുന്നുണ്ട്, പരസ്യമായിട്ടാണ് പ്രദർശിപ്പിക്കുന്നത്. ടി.വിയിലും

ഇന്റർനെറ്റിലും പത്രങ്ങളിലും ഈ നീചകർമങ്ങളെ സംബന്ധിച്ചുള്ള പരസ്യങ്ങളും നൽകുന്നു. ഫാഷൻ പ്രദർശനത്തിന്റെയും വസ്ത്ര പ്രദർശനത്തിന്റെയും പേരിൽ നഗ്നവസ്ത്രങ്ങൾ പ്രദർശിപ്പിക്കുന്നു. അങ്ങിനെയുള്ളവരുടെ വാക്കുകളും പ്രവർത്തികളും ഒന്നായിരിക്കാം. പക്ഷേ അല്ലാഹുവിന്റെ പക്കൽ ഇത് വെറുക്കപെട്ടതും പാപവു മാകുന്നു. അല്ലാഹുവിന്റെ കല്പനകൾക്ക് വിരുദ്ധമാകുന്നു.

ചില യുവാക്കൾ ഇത്തരക്കാരിൽ പ്രഭാവിതരായിക്കൊണ്ട് അവർ ശുദ്ധരാണെന്ന് ധരിക്കുന്നു. അവർ പുറത്ത് കാണിക്കുന്നത് തന്നെ യാണ് ഉള്ളിലുള്ളതെന്നും, വാക്കിലും പ്രവർത്തിയിലും വൈരുദ്ധ്യം കാണിക്കാത്തവരാണെന്നും വിശ്വസിക്കുന്നു. അത്തരക്കാർ ഓർത്ത് കൊള്ളുക, ഈ വൈരുദ്ധ്യമില്ലായ്മ നന്മയല്ല, മറിച്ച് ലജ്ജയില്ലാ യ്മയെ പ്രചരിപ്പിക്കലാകുന്നു. അല്ലാഹുവിൽ നിന്നും വിദൂരത്താണ്.

അതിനാൽ ഈ സമൂഹത്തിൽ വസിക്കുന്ന യുവാക്കളും, പുരുഷന്മാരും, സ്ത്രീകളും അത്തരത്തിലുള്ള സമുഹത്തിൽ നിന്ന് രക്ഷപ്പെടുവാൻ അങ്ങേയറ്റം പരിശ്രമിക്കേണ്ടതാണ്. അലാഹുവിന്റെ സവിധത്തിൽ കുമ്പിട്ടുകൊണ്ട് اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ ൽ മുന്നോട്ട് പോകുന്നതിനുള്ള ദുഃആ എപ്പോഴും ചെയ്തു കൊണ്ടി രിക്കേണ്ടതാണ്. പിശാചിൽ നിന്നും രക്ഷ നേടുന്നതിനുള്ള ദുഃആ ചെയ്തു കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹു ഒരു വിശ്വാസിയിൽ നിന്നും എന്താണ് പ്രതീക്ഷിക്കുന്നത്, എന്തിനെല്ലാമുള്ള കല്പനകളാണ് നല്കിയിരിക്കുന്നത് എന്നന്വേഷിക്കേണ്ടതാണ്. അല്ലാഹു തന്റെ ദാസരുടെ മേൽ കാരുണ്യം വർഷിച്ചുകൊണ്ട് അവർക്ക് തന്റെ സാമീപ്യത്തിന്റെ അടയാളവും നൽകുന്നതിന് കാരണമാകുന്ന, തന്റെ തൃപ്തിയുടെ മാർഗം അവർ മനസിലാക്കി കൊടുക്കുന്ന, ദാസരുടെ ഇടയിൽ സംപ്രീതനായി കൊണ്ട് അവ രുടെ വാക്കിലെയും പ്രവർത്തിയിലെയും സാമ്യത കാരണത്താൽ ദാസരെ പ്രതിഫലനത്തിന് അർഹരാക്കുന്ന ഉത്തമമായ കാര്യങ്ങളെ അന്വേഷിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യേണ്ടതാണ്. ഇവയെ അന്വേഷിക്കുന്നതിനായി ഒരു വിശ്വാസിക്ക് അല്ലാഹുവിന്റെ കല്പനയെ അന്വേഷിക്കേണ്ടതുണ്ട്. അപ്പോഴെ ഉത്തമമായതും അല്ലാത്തതും തമ്മിലുള്ള വ്യതിരിക്തത മനസ്സിലാക്കുകയുള്ളൂ. അവയുടെ യാഥാർത്ഥ്യം മനസ്സിലാക്കുകയുള്ളൂ. അപ്പോൾ മാത്രമെ അല്ലാഹു **ഇബാദീ** എന്ന് വിളിച്ചവരുടെ ഗണത്തിൽ ഉൾപ്പെടുക യുള്ളൂ. അങ്ങിനെയുള്ളവരുടെ ദുഃആകൾ സ്വീകരിക്കപ്പെടുന്നതാ ണെന്ന സുവാർത്തയും നൽകിയിരിക്കുന്നു.

ഇക്കാലഘട്ടത്തിൽ അഹ്മദികളായ നമ്മിൽ ഇത് വളരെ വലിയൊരു ഉത്തരവാദിത്വമാണ്. കാരണം നാം കാലഘട്ടത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു. നമ്മുടെ വാക്കും പ്രവർത്തിയും താദാത്മ്യം പുലർത്തുന്നതണെന്നും, അല്ലാഹുവിന്റെ ദൃഷ്ടിയിൽ ഉത്തമമായതിനായി എല്ലാ പരിശ്രമവും ചെയ്യുന്നതാണെന്നും ശപഥം ചെയ്തിരിക്കുന്നു. നമ്മുടെ വാക്കിലും പ്രവൃത്തിയിലും സമാനത ഉണ്ടാക്കുന്നതാണ്. അല്ലാഹു പറഞ്ഞിട്ടുള്ള ഉത്തമ കാര്യങ്ങൾ ക്കായി വിശുദ്ധ ഖുർആനിലേക്ക് തിരിയുന്നതാണ്.

നൂറുക്കണക്കിന് കല്പനകളുണ്ട്. ഉത്തമമായും മോശമായതും തമ്മിലുള്ള വ്യതിരിക്തത സ്പഷ്ടമാക്കപ്പെട്ടിരിക്കുന്നു. ഇന്നത് ചെയ്യുകയാണെങ്കിൽ ദൈവ സാമീപ്യത്തിന്റെ മാർഗങ്ങൾ കരസ്ഥമാ കുന്നതാണ് ഇന്നത് ചെയ്യുകയാണെങ്കിൽ അല്ലാഹുവിന്റെ കോപ ത്തിന് പാത്രമാകുന്നതാണെന്നും പറഞ്ഞിരിക്കുന്നു. ചില കാര്യങ്ങ ളെ സംബന്ധിച്ച് ഞാനിപ്പോൾ സൂചിപ്പിക്കുകയാണ്. അല്ലാഹു മുസ്‌ലീംകളെ അഭിസംബോധന ചെയ്ത് കൊണ്ട് പറയുന്നു,

كُنْتُمْ خَيْرَ أُمَّةٍ أُخْرِجَتْ لِلنَّاسِ تَأْمُرُوْنَ بِالْمَعْرُوْفِ
وَتَنْهَوْنَ عَنِ الْمُنْكَرِ وَتُؤْمِنُوْنَ بِاللّٰهِ

മനുഷ്യവർഗത്തിന്റെ നന്മയ്ക്കായി എഴുന്നേൽപ്പിക്കപ്പെട്ട ഏറ്റവും ഉൾകൃഷ്ട സമുദായമാണ് നിങ്ങൾ. നിങ്ങൾ നല്ല കാര്യങ്ങൾ നിർദ്ദേ ശിക്കുകയും, ചീത്ത കാര്യങ്ങൾ നിരോധിക്കുകയും, അല്ലാഹുവിൽ വിശ്വസിക്കുകയും ചെയ്യുന്നു. അല്ലാഹു തന്റെ ദാസരെ, ഇബാദുറഹ് മാന്റെ സ്ഥാനം കരസ്ഥമാക്കിയവരുടെ ജമാഅത്തിനെ ഇവിടെ എല്ലാ മനുഷ്യരെക്കാളും ഉത്തമ സമുദായമായിട്ടാണ് വിശേഷിപ്പി ച്ചിരിക്കുന്നത്. അതിനു കാരണമിതാണ്, അല്ലാഹുവിന്റെ നിർദ്ദേശമ നുസരിച്ച് ഉത്തമമായതിനെ തങ്ങളുടെ വാക്കുകളാലും പ്രവർത്തി കളാലും സ്ഥാപിച്ചിരിക്കുന്നു. നന്മകൾ ഉപദേശിക്കുന്നു. മനുഷ്യ താൽപര്യങ്ങളെ അനുഗമിക്കുന്നതിനു പകരമായി അല്ലാഹു തന്റെ സാമീപ്യ പ്രാപ്തിക്കായി നൽകിയിരിക്കുന്ന നിർദ്ദേശങ്ങൾ ഉപദേ ശിക്കുന്നു. പറയുന്നു, നിങ്ങൾ തിന്മയെ തടയുന്നതു കാരണം ഉത്തമ സമുദായമാകുന്നു. അല്ലാഹുവിന്റെ ക്രോധത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി എല്ലാ തെറ്റുകളിൽ നിന്നും തിന്മകളിൽ നിന്നും സ്വയം അകന്ന് നിൽക്കുന്നതിനോടൊപ്പം തന്നെ മറ്റുള്ളവരെ അതിൽ നിന്നും തടയുന്നതിനായി ഉപദേശിക്കുന്നു. കൂടാതെ അല്ലാഹുവിലുള്ള നിങ്ങളുടെ വിശ്വാസം ശക്തിമത്തായതാണ്. അക്കാരണത്താൽ നിങ്ങൾ ശ്രേഷ്ട സമുദായമാകുന്നു. അല്ലാഹു തന്റെ എല്ലാ വാക്കുകളെയും കർമ്മങ്ങളെയും വീക്ഷിച്ചു കൊണ്ടിരി ക്കുന്നു എന്ന ദൃഢവിശ്വാസത്തിൽ നിലകൊള്ളുക. ഭൗതിക ലോക ത്തിലെ താൽകാലിക നാഥൻ തന്റെ ആവശ്യങ്ങൾ പൂർത്തിയാക്കി ത്തരുന്നതല്ല മറിച്ച്, സർവ്വലോക പരിപാലകനായ അല്ലാഹുവാണ് എന്റെ ആവശ്യങ്ങൾ പൂർത്തിയാക്കിതരുന്നത്, എന്റെ അർഥനകൾ കേൾക്കുന്നത് എന്ന വിശ്വാസത്തിൽ നിങ്ങൾ നിലകൊള്ളുന്നു. പിന്നീട് നിങ്ങളുടെ നിലനിൽപ്പ് ഭൗതിക സുഖാഢംബരങ്ങളിലും സൗകര്യങ്ങളിലുമല്ല, മറിച്ച് അല്ലാഹുവുമായി ബന്ധം സ്ഥാപിക്കു ന്നതിലും അവന്റെ കല്പനകളെ പ്രാവർത്തികമാക്കുന്നതിലും അതനുസരിച്ച് മുന്നോട്ട് നീങ്ങുന്നതിലുമാണെന്ന കാര്യം ലോകത്തോടും വിളിച്ചു പറയുക.

പിന്നീട് വിശുദ്ധ ഖുർആനിൽ അല്ലാഹു ഈ ഉത്തമ കാര്യങ്ങളെ സംബന്ധിച്ചും നന്മയെയും തിന്മയെയും സംബന്ധിച്ചും കൂടുതൽ വിശദീകരണം നല്കിയിട്ടുണ്ട്. ഉദാഹരണമായി അല്ലാഹു പറയുന്നു.

وَالَّذِيْنَ لَا يَشْهَدُوْنَ الزُّوْرَ ۙ وَاِذَا مَرُّوْا بِاللَّغْوِ مَرُّوْا كِرَامًا ۝٧٣

അല്ലാഹുവിന്റെ ദാസർ കള്ളസാക്ഷി പറയാത്തവരാണ്. വ്യർത്ഥ മായ കാര്യങ്ങളുടെ അരികിലൂടെ അവർ നടന്നു പോകുമ്പോൾ മാന്യന്മാരായി അവരതിൽ പ്രവേശിക്കാതെ കടന്നു പോകുന്നതാണ്. ഇവിടെ രണ്ട് കാര്യങ്ങളിൽ നിന്നാണ് തടയപ്പെട്ടിരിക്കുന്നത്. ഒന്ന് കളവിൽ നിന്നും മറ്റൊന്ന് വ്യർത്ഥമായ കാര്യങ്ങളിൽ നിന്നും. അതായത് കള്ളസാക്ഷി പറയരുത്. എന്ത് അവസ്ഥ തന്നെ സംജാതമായാലും കള്ള സാക്ഷി പറയരുത്. മറ്റൊരു സ്ഥലത്ത് പറയുന്നു, നിങ്ങളുടെ സാക്ഷ്യത്തിന്റെ നിലവാരം എത്രമായിരി ക്കണമെന്നാൽ തനിക്കെതിരിലോ, മാതാപിതാക്കൾക്കെതിരിലോ, അല്ലെങ്കിൽ തന്റെ ഏതെങ്കിലും പ്രിയ ബന്ധുവിനെതിരിലോ തന്നെ സാക്ഷ്യം പറയേണ്ടി വന്നാലും പറയേണ്ടതാണ്. സത്യത്തെ സ്ഥാപിക്കുന്നതിനുള്ള നിലവാരമാണിത്. ഈ നിലവാരം സ്ഥാപിതമാകുമ്പോഴാണ് അല്ലാഹു ഉത്തമം എന്ന് വിശേഷിപ്പിച്ച സൽകാര്യങ്ങളിൽ ഗണിക്കപ്പെടുക. തൽഫലമായി മനുഷ്യൻ അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കുന്നവനായി മാറുന്നു. നന്മകളിൽ കൂടുതൽ പുരോഗതി ഉണ്ടാകുന്നു. അല്ലാഹുവിന്റെ യഥാർത്ഥ ദാസരിൽ ഉൾപ്പെടുന്നു.

പിന്നീട് അല്ലാഹു സത്യത്തെ സംബന്ധിച്ച് വീണ്ടും പറയുന്നു.

يَا أَيُّهَا الَّذِيْنَ اٰمَنُوا اتَّقُوا اللّٰهَ وَقُوْلُوْا قَوْلًا سَدِيْدًا ۝٧١

വിശ്വസിച്ചവരെ! അല്ലാഹുവിനെ ഭയപ്പെടുക. ചൊവ്വായ വാക്ക് പറയുക. സത്യവും, സുതാര്യവും, നേരായതുമായ വാക്ക് പറയുക.

ഇതാണ് അല്ലാഹു സ്വായത്തമാക്കാനും പ്രചരിപ്പിക്കുവാനും കല്പന നൽകുന്ന സത്യത്തിന്റെ നിലവാരം. എന്നാൽ നാം ആത്മപരിശോധന നടത്തുകയാണെങ്കിൽ സത്യത്തിന്റെ ഈ നിലവാരം കാണാൻ സാധിക്കില്ല. ഓരോ ചുവടിലും മനുഷ്യാഭിലാഷം ഉണ്ട്. അവശ്യ സന്ദർഭത്തിൽ തനിക്കെതിരിൽ, തന്റെ മാതാപിതാക്കൾക്കെതിരിൽ, തന്റെ പ്രിയ ജനങ്ങൾക്കെതിരിൽ സാക്ഷ്യം നൽകാൻ നമ്മിൽ എത്ര പേർ തയ്യാറാകുമെന്നത് വിശകലനം ചെയ്ത് നോക്കുക. സത്യമുള്ള സംസാരങ്ങളും, വ്യാപാര വ്യവഹാരങ്ങളും തുടങ്ങി സർവവിധത്തിലുമുള്ള കാപട്യങ്ങളിൽ നിന്നും മുക്തമാകുന്ന നിലവാരം സ്ഥാപിക്കുക. എവിടെയെങ്കിലും ഒന്നുകിൽ വ്യക്തി താൽപര്യം തടസം നിൽക്കും. അല്ലെങ്കിൽ ബന്ധു താൽപര്യം തടസം വരുന്നു, അല്ലെങ്കിൽ അഹംഭാവം തടസം നില്ക്കുന്നു, തെറ്റ് അംഗീകരിക്കാൻ തയ്യാറാകുകയില്ല. സ്വയം രക്ഷപ്പെടുന്നതിനായും ലക്ഷ്യപ്രാപ്തിക്കായും ഇക്കാര്യങ്ങൾക്ക് പല മാനങ്ങളും നൽകുന്നു. ചൊവ്വായ വാക്കിന്റെ നിലവാരം അല്ലാഹുവിന്റെ ഉത്തമ കൽപനകളിൽപ്പെട്ട ഒന്നാകുന്നു. യാതൊരു വളച്ചുകെട്ടുമില്ലാത്ത സത്യമാണ് അല്ലാഹുവിന് ഇഷ്ടം എന്ന് പറയാം. ഈ കല്പനയെ പ്രാവർത്തികമാക്കുകയാണെങ്കിൽ നമ്മുടെ വീട്ടുകലഹങ്ങൾ തുടങ്ങി മറ്റ് സാമൂഹിക കലഹങ്ങൾ എല്ലാം തന്നെ ഇല്ലാതാകുന്നതാണ്. കോടതികളിൽ പോകേണ്ട ആവശ്യം നമുക്ക് വരില്ല, ഖളായിൽ പോകേണ്ട ആവശ്യവും വരില്ല. അനുരഞ്ജനത്തിന്റെ അന്തരീക്ഷം എല്ലായിടത്തും സംജാതമാകുന്നു. അടുത്ത തലമുറകളിൽ പോലും സത്യത്തിന്റെ നിലവാരം ഉന്നതമായിരിക്കും.

തുടർന്ന് സത്യത്തിന്റെ നിലവാരം കരസ്ഥമാക്കുന്നതിന്റെ അടിസ്ഥാന തത്വത്തോടൊപ്പം കൂടുതൽ താക്കീത് നൽകിക്കൊണ്ട് പറയുന്നു, സത്യമല്ലാത്തത് സംസാരിക്കുന്ന നീചവും മ്ലേഛവുമായ സംസാരങ്ങൾ നടക്കുന്ന സദസ്സുകളിൽ നിന്നും ഉടൻ എഴുന്നേറ്റു പോകേണ്ടതാണ്. അല്ലാഹുവിന്റെ അദ്ധ്യാപനങ്ങൾക്കെതിരെയുള്ള മ്ലേഛമായ സദസ്സുകൾ ഇക്കാലഘട്ടങ്ങളിൽ ചിലപ്പോൾ അജ്ഞാത കാരണത്താൽ നമ്മുടെ വീടുകളിലും സദസുകളിലും ഉണ്ടാകുന്നു. സംവിധാനത്തിനെതിരായി ചർച്ചകൾ ഉണ്ടാകുന്നു. പലതവണ ഞാൻ പറഞ്ഞതാണ്, ഭാരവാഹികൾക്കെതിരിലുള്ള കാര്യമാണെങ്കിൽ സമുദ്ധാരണമാകുന്നില്ലെങ്കിൽ എന്നിലേക്കെത്തിക്കുക. എന്നാൽ സദസ്സുകളിൽ ഇരുന്ന് നിങ്ങൾ ചർച്ച ചെയ്യുമ്പോൾ അത് വ്യർഥമായ കാര്യമായി മാറുന്നു. അതുമൂലം സംസ്കരണം ഉണ്ടാകുന്നില്ല. പകരം വഴക്കും, കലഹവും കൂടുതലായി ഉടലെടുക്കുന്നു.

പിന്നീട് ഇക്കാലഘട്ടത്തിൽ ടി.വിയിൽ അശ്ലീല ഫിലിമുകളും ഇന്റെർനെറ്റിൽ വളരെയധികം മ്ലേഛവും അശ്ലീലവുമായ ഫിലിമുകളും, നൃത്തങ്ങളും പാട്ടുകളുമുണ്ട്. ദേവീ ദേവതകളുടെ പേരിൽ അർഥിക്കുന്ന പാട്ടുകളുണ്ട്, ചില ഇന്ത്യൻ ഫിലിമുകളിൽ. അല്ലെങ്കിൽ അവയെ പ്രകീർത്തിച്ചു കൊണ്ടുള്ളതായിരിക്കും. തൽഫലമായി ഏകനും, സർവ്വശക്തനുമായ ദൈവത്തെ നിഷേധിക്കുകയാണ്. അല്ലെങ്കിൽ ഈ ദേവീ ദേവതകൾ അല്ലെങ്കിൽ വിഗ്രഹം ദൈവത്തിലേക്കെത്തിക്കുന്നതിനുള്ള മാധ്യമങ്ങളാണെന്ന പരാമർശമായിരിക്കും. ഇത് വ്യർഥമായ കാര്യങ്ങളാണ്. ശിർക്കാണ്. ശിർക്കും കളവും ഒന്നുതന്നെയാണ്. അത്തരത്തിലുള്ള പാട്ടുകളും കേൾക്കരുത്.

പിന്നീട് കമ്പ്യൂട്ടർ തുടങ്ങിയവയിലുള്ള ഫേസ്ബുക്ക്, ട്വിറ്റർ, ചാറ്റിങ്ങ് എന്നിവയാണ്. അവയിലും സദസ്സുകൾ സംഘടിപ്പിക്കുന്നു. അതിൽ അത്യന്തം അസഭ്യവും നഗ്നവുമായ കാര്യങ്ങൾ ഉണ്ടാകുന്നു. തൽഫലമായി പരസ്പരം വഴക്കുണ്ടാകുന്നു. ചില യുവാക്കൾ എന്തൊക്കെ കാര്യങ്ങളാണ് ഉണ്ടാക്കുന്നതെന്ന് എനിക്കും എഴുതി അയക്കുന്നു. അവർ സ്വയവും അതിൽ ഭാഗഭാക്കാവുന്നുണ്ട്. മാന്യനായ ഒരു വ്യക്തിക്കും അത് കാണാനും കേൾക്കാനും കഴിയില്ല. വലിയ വലിയ മാന്യകുടുംബങ്ങളിലെ ആൺകുട്ടികളും പെൺകുട്ടികളും അതിൽ പങ്കാളിയായിക്കൊണ്ട് സ്വന്തം നഗ്നത വെളിപ്പെടുത്തുന്നു. അതിനാൽ ഒരഹ്മദിക്ക് ഇതിൽ നിന്ന് രക്ഷപ്പെടേണ്ടത് അനിവാര്യമാകുന്നു. ഒരഹ്മദി മുസ്ലിമിനുള്ള കല്പന നീ ഉത്തമ സംസാരങ്ങളെ അന്വേഷിക്കുക എന്നതാണ്. നന്മയിൽ കൂടുതൽ പുരോഗതിയിലേക്ക് നയിക്കുന്ന ഉത്തമ സംസാരങ്ങളെ അന്വേഷിക്കുക എന്നാണ്. തൽഫലമായി അവൻ അല്ലാഹുവിന്റെ സവിശേഷ ദാസനായി മാറുന്നു. അല്ലാഹുവിന്റെ ശാപം പതിക്കുന്നവരിൽ നിന്നും രക്ഷപ്പെടുന്നതാണ്.

ഏതായാലും അല്ലാഹു പറഞ്ഞിട്ടുള്ള ധാരാളം ഉത്തമ വാക്കുകളുണ്ട്. നന്മയുടെ മാർഗം സ്വായത്തമാക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നത് ഉത്തമമാകുന്നു. തിന്മകളിൽ നിന്ന് തടയുകയും അകന്നിരിക്കുകയും ചെയ്യുന്നത് ഉത്തമമാകുന്നു. അല്ലാഹു ഒരു വിശ്വാസിയോട്, ഒരു യഥാർത്ഥ ദാസനോട് പറയുന്നത്, ഉത്തമവാക്കുകൾ ആയിരക്കണം നിങ്ങളുടേത് എന്നാണ്. ഒരിടത്ത് പറയുന്നു, وَلِكُلٍّ وِجْهَةٌ هُوَ مُوَلِّيهَا فَاسْتَبِقُوا الْخَيْرَاتِ

ഓരോരുത്തനും ഓരോ ലക്ഷ്യമുണ്ട്. അതിന്റെ നേർക്ക് അവർ മുഴുവൻ ശ്രദ്ധയും കേന്ദ്രീകരിക്കുന്നു. നിങ്ങളുടെ ലക്ഷ്യം സൽകാര്യങ്ങളിൽ മുന്നേറുന്നതിനായി ശ്രമിക്കുക എന്നതായിരിക്കണം.

നന്മയിൽ മുന്നേറാനുള്ള ശ്രമമുണ്ടാകുമ്പോൾ, വാക്കുകളും പ്രവർത്തിയും ഉത്തമമാക്കാനും, അല്ലാഹുവിന്റെ ഇഛക്കനുഗുണമാകുന്ന നന്മയിൽ മുന്നേറാനും ശ്രമിക്കുമ്പോൾ നിശ്ചയമായും പിശാചിൽ നിന്നും അവന്റെ അക്രമണത്തിൽ നിന്നും രക്ഷപ്പെടാനുള്ള ശ്രമമുണ്ടാകും.

ആരംഭത്തിൽ ഞാൻ പാരായണം ചെയ്ത വചനത്തിൽ അല്ലാഹു പറയുന്നു, إِنَّ الشَّيْطَانَ يَنزَغُ بَيْنَهُمْ നിശ്ചയമായും ശയ്ത്വാൻ മനുഷ്യരുടെ ഇടയിൽ കുഴപ്പം സൃഷ്ടിക്കും. ശയ്ത്വാൻ എന്നതിന് പല അർത്ഥങ്ങളുണ്ട്. കാരുണ്യവാനായ ദൈവത്തിന്റെ കല്പനക്കെതിരിൽ പ്രവർത്തിക്കുന്നവൻ ശൈത്വാനാണ്. അഹങ്കാരം, വിദ്രോഹം, നഷ്ടം വരുത്തിവെക്കൽ എന്നിവ ചെയ്യുകയും അതിലേക്ക് ആകർഷിക്കുകയും ചെയ്യുന്നവനാണ്. അസൂയയുടെ അഗ്നിയിൽ എരിയുന്നവനാണ്. നഷ്ടം വരുത്തിവെക്കുന്നവനാണ്. ചുരുക്കത്തിൽ ഉത്തമമായതിനും, അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമകൾ നിർവ്വഹിക്കുന്നതിനായി നല്കപ്പെട്ടിട്ടുള്ള കല്പനകളിൽ നിന്നും വിരുദ്ധമായ കല്പനയാണ് ശൈത്വാൻ നൽകുന്നത്. **നസഅ** അല്ലെങ്കിൽ **അന്നസ്അ** എന്നതിന്റെ അർത്ഥം പൈശാചിക കാര്യങ്ങൾ എന്നാകുന്നു. അല്ലെങ്കിൽ പരസ്പരം പ്രകോപിപ്പിക്കാനും കലഹം ഉണ്ടാക്കണം ഉദ്ദേശിച്ചുകൊണ്ടുള്ള അഭിപ്രായം.

അല്ലാഹു പറയുന്നു, ശൈത്വാൻ മനുഷ്യന് പ്രത്യക്ഷ ശത്രുവാകുന്നു. അഥവാ നിങ്ങൾ എന്റെ ദാസരായിക്കൊണ്ട് ഉത്തമമായ കാര്യങ്ങളെയെല്ലാം പ്രാവർത്തികമാക്കുന്നില്ലെങ്കിൽ കാരുണ്യവാനായ അല്ലാഹുവിന്റെ ദാസത്വത്തിൽ നിന്നും പുറത്തായിക്കൊണ്ട് ശൈത്വാന്റെ മടിത്തട്ടിൽ പതിക്കുന്നതാണ്. ശൈത്വാൻ നിങ്ങളിൽ കളവും, അഹങ്കാരവും വിദ്രോഹവും സൃഷ്ടിക്കും, മറ്റുള്ളവർക്ക് നഷ്ടം ഉണ്ടാക്കുന്നതിലേക്കും പ്രേരിപ്പിക്കും. ഹൃദയങ്ങളിൽ ദുർബോധനങ്ങളമുണ്ടാക്കും അസൂയയുടെ അഗ്നിയിൽ എരിയിക്കുകയും എയ്യും.

നബി (സ) തിരുമേനി പറഞ്ഞു, പൈശാചിക ചിന്തകളിൽ നിന്നും ദുർബോധനങ്ങളിൽ നിന്നും സുരക്ഷിതരായിരിക്കുന്നതിനായി നിങ്ങൾ രാത്രിയിൽ ഉറങ്ങുന്ന സമയത്ത് അവസാന രണ്ട് അദ്ധ്യായങ്ങളായ സൂറത്തുൽ ഫലഖും സൂറത്തുന്നാസും മൂന്ന് തവണ പാരായണം ചെയ്ത് സ്വന്തം ശരീരത്തിൽ ഊതുക. അതോടൊപ്പം തന്നെ ഇവയിൽ നിന്നും സുരക്ഷിതനായിരിക്കേണ്ടതാണ് എന്ന് ചിന്ത ഉണ്ടാക്കുന്നതിനും വേണ്ടി ഞങ്ങളെ ഇതിൽ നിന്നും സുരക്ഷിതരാക്കണേ എന്നുള്ള ദുആയും അല്ലാഹുവിനോടുണ്ടായിരിക്കണം.

ചുരുക്കത്തിൽ ഉത്തമവാക്കുകളും, നന്മയിലുള്ള മുന്നേറ്റവും, ശൈത്വാനിൽ നിന്ന് സുരക്ഷിതനാക്കുന്നതിനുള്ള അവസ്ഥയും സംജാതമാകുന്നത് അല്ലാഹുവിന്റെ സഹായവും കൂടെയുണ്ടായിരിക്കുമ്പോഴാണ്. അല്ലാഹുവിനോട് ദുആയോടു കൂടി സന്മാർഗം തേടിക്കൊണ്ട് അവന്റെ കല്പനകളെ അന്വേഷിക്കുകയും, പിശാചിൽ നിന്ന് രക്ഷപ്പെടാനുള്ള ശ്രമവും ഉണ്ടാകുമ്പോഴാണ്.

ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു, ശൈത്വാൻ അനുഷ്യനെ വഴിപിഴപ്പിക്കുന്നതിനായി, അവന്റെ കർമങ്ങളെ വികലമാക്കുന്നതിനായി എപ്പോഴും തക്കം പാത്തിരിക്കുന്നു. നന്മയിലും അവനെ വഴിപിഴപ്പിക്കുവാൻ ശയ്ത്വാൻ ആഗ്രഹിക്കുന്നു. ഏതെങ്കിലും തരത്തിലുള്ള കലഹം സംജാതമാക്കാൻ ആസൂത്രണങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നു. നമസ്കരിക്കുമ്പോൾ മനസിൽ പ്രകടനാത്മകതയോ മറ്റേതെങ്കിലുമോ വൈകല്യം മനുഷ്യനിൽ ഉണ്ടാക്കിയെടുക്കാൻ ശ്രമിക്കുന്നു. അതായത് നമസ്കരിക്കുന്ന ആളുടെ മനസിൽ ചിന്തകൾ ഉണർത്തുന്നു. ഇമാമായി നിൽക്കുന്നവരെയും ഈ വിപത്തിൽ പെടുത്താൻ ആഗ്രഹിക്കുന്നു. അതിനാൽ അതിന്റെ ഉപദ്രവത്തിൽ നിന്ന് ഒരിക്കലും നിർഭയരായിരിക്കരുത്. കാരണം അവന്റെ ആക്രമണം തെമ്മാടിയിലും ദുർനടപ്പുകാരനിലും പ്രത്യക്ഷത്തിൽ ഉണ്ടാകുന്നു. അവർ അവന്റെ ഇരകളായിരിക്കും. എന്നാൽ ഒരു പരിത്യാഗിയെ ആക്രമിക്കുന്നതിനും ശയ്ത്വാൻ മുതിരുന്നതാണ്. ഏതെങ്കിലും തരത്തിൽ അവസരം പാർത്ത് അവരെ അക്രമിക്കുന്നു.

അല്ലാഹുവിന്റെ അനുഗ്രഹത്തിന്റെ തണലിൽ കഴിയുന്നവരും ശയ്ത്വാന്റെ അതിസൂക്ഷ്മങ്ങളായ അക്രമണങ്ങളെ അറിയുന്നവരും അതിൽ നിന്നു രക്ഷ നേടുന്നതിനായി അല്ലാഹുവിനോട് ദു:ആ ചെയ്യുന്നു. എന്നാൽ അശുദ്ധരും ബലഹീനരും ഇടയ്ക്കിടക്ക് അതിൽ അകപ്പെടുന്നു. കാപട്യം മുതലായവയിൽ നിന്നും രക്ഷനേടുന്നതിനായി തങ്ങളുടെ നന്മകളെ ഗോപ്യമാക്കി വെക്കുകയും തിന്മകളെ വെളിപ്പെടുത്തുകയും ചെയ്യുന്ന ഒരു വിഭാഗമുണ്ട്. അതായത് എത്ര നല്ലവനാണ് എന്നു ആരും പറയാതിരിക്കാനായി നന്മകളെ വെളിപ്പെടുത്തരുത് തിന്മയെ വെളിപ്പെടുത്തുക എന്നു പറയുന്ന ഒരു വിഭാഗമുണ്ട്. അതിലൂടെ അവർ കരുതുന്നത് ഞങ്ങൾ ശയ്ത്വാനിൽ നിന്നും രക്ഷപ്പെടുന്നതാണെന്നാണ്. എന്നാൽ എന്റെ വീക്ഷണത്തിൽ അതും പരിപൂർണ്ണമല്ല. അവരുടെ ഹൃദയങ്ങളിലും അന്യരുണ്ട്. ഇല്ലായിരുന്നെങ്കിൽ അവരൊരിക്കലും അങ്ങിനെ ചെയ്യില്ലായിരുന്നു. മനുഷ്യൻ ദൈവികജ്ഞാനത്തിലും ദൈവസാമിപ്യാന്വേഷണത്തിലും പരിപൂർണ്ണത നേടുന്നത് ഏതെങ്കിലും രൂപത്തിലും ഭാവത്തിലുമുള്ള അന്യർ അവരിൽ കുടികൊള്ളാതിരിക്കുമ്പോഴാണ്. ഇത് പ്രവാചകരുടെ വിഭാഗമാകുന്നു. ഹൃദയത്തിൽ അന്യരുടെ വ്യക്തിത്വം തികച്ചും അപ്രതക്ഷ്യമായിരിക്കുന്ന വിഭാഗമാണിത്.

ഏതായാലും, പ്രവാചകന്മാർക്ക് ഈ സ്ഥാനം ലഭിക്കുന്നതാണ്. അതിനു പരിശ്രമത്തിന്റെ ആവശ്യമില്ല. അവരെക്കൂടാതെ മറ്റാർക്കും ലഭ്യമല്ല എന്നാരും ധരിക്കരുത്. പല അവസരങ്ങളിലും ഹദ്റത് മസീഹ് മൗ ഊദ്(അ) സ്വയം പറഞ്ഞിട്ടുള്ളത്, നിങ്ങൾ നിങ്ങളുടെ നിലവാരം ഉയർത്തികൊണ്ട് പോകുക എന്നാണ്. നിങ്ങൾ വലിമാരാകുക, വലിപൂജകരാകരുത് എന്നും പറഞ്ഞിട്ടുണ്ട്.

പിന്നീട് അല്ലാഹു നബിതിരുമേനി (സ) യുടെ മാതൃകയെ നമ്മുടെ മുമ്പിൽ സമർപിച്ച് കൊണ്ട് പറയുന്നു, ഇത് നിങ്ങൾക്കായി ഉത്തമമാതൃകയാകുന്നു. അതിനെ അനുധാവനം ചെയ്യുക. പിശാചിന്റെ അക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി കഠിനപരിശ്രമം ആവശ്യമുണ്ട്. അതിനായി അല്ലാഹു പറഞ്ഞതുപോലെ ഉത്തമവാക്കുകൾ അനിവാര്യമാണ്. എല്ലാ കാര്യങ്ങളിലും അല്ലാഹുവിന്റെ കല്പനകളിൽ ദൃഷ്ടി അനിവാര്യമാണ്.

പിന്നീട് ദു:ആയും അല്ലാഹു പഠിപ്പിച്ചു തന്നിരിക്കുന്നു. വിശുദ്ധഖുർആനിലെ അവസാന രണ്ട് അദ്ധ്യായങ്ങളിൽ പിശാചിന്റെ ഉപദ്രവത്തിൽ നിന്ന് രക്ഷ നേടുന്നതിനുള്ള ദു:ആയുണ്ട്. മറ്റൊരിടത്ത് അല്ലാഹു പറയുന്നു:

وَاِمَّا يَنۡزَغَنَّكَ مِنَ الشَّيۡطٰنِ نَزۡغٌ فَاسۡتَعِذۡ بِاللّٰهِ ؕ اِنَّهٗ سَمِيۡعٌ عَلِيۡمٌ ۝٢٠١

പിശാചിൽ നിന്നുള്ള വല്ല ദുഷ്പ്രേരണയും നിന്നെ ബാധിക്കുന്നതായാൽ, ഉത്തമവാക്കുകൾക്ക് വിരുദ്ധമായ കാര്യങ്ങൾ നിന്നിലേക്ക് എത്തിച്ചാൽ നീ അല്ലാഹുവിനെ അഭയം പ്രാപിച്ചു കൊള്ളുക. അല്ലാഹുവിന്റെ അഭയത്തിൽ വരുന്നതിനായി ധാരാളം ദു:ആ ചെയ്യുക. اَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ എന്ന് ഉരുവിടുക. لَاحَوۡلَ وَلَا قُوَّةَ اِلَّا بِاللّٰهِ എന്ന് ഉരുവിടുക. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനും ആണെന്ന് ഉറപ്പിച്ചു പറയുന്നു. ആരെങ്കിലും സദുദ്ദേശ്യത്തോടു കൂടി ദു:ആ ചെയ്യുന്നുവെങ്കിൽ നിശ്ചയമായും അവൻ കേൾക്കുന്നവ നാണ്. മറ്റൊരു കാരം ഞാനിവിടെ സ്പഷ്ടമാക്കാൻ ആഗ്രഹിക്കു കയാണ്. സ്വയം എരിയുകയും, ആദമിനെ അനുസരിക്കുന്നതിനെ നിഷേധിച്ചുകൊണ്ട് പുറത്താവുകയും, പിന്നീട് മനുഷ്യനെ എരിച്ചു കളയുന്നതാണെന്നും ശയ്ത്വാനെ കൊണ്ട് ശപഥം ചെയ്യിപ്പിച്ച അസൂയയുടെ അഗ്നി വളരെ അപകടകാരിയാണ്. ഈ അസൂയയുടെ അഗ്നി തന്നെയാണ് സമൂഹത്തിന്റെ അരക്ഷിതാവസ്ഥയ്ക്ക് കാരണം. അതിനാൽ ഓരോ അഹ്മദിക്കും ഇതിൽ നിന്നും വളരെയധികം രക്ഷപ്പെടേണ്ടതുണ്ട്. വിശേഷിച്ച്, ഇതിൽ നിന്നും രക്ഷപ്പെടുന്നതിനായി അല്ലാഹുവിന്റെ സമക്ഷത്തിൽ വളരെ കേണപേക്ഷിച്ചുകൊണ്ട് ദു:ആ ചെയ്യേണ്ടതാണ്.

പിശാചിന്റെ ആക്രമണം രണ്ട് രീതിയിലാണുള്ളത്. ഒന്ന് അല്ലാഹുവുമായുള്ള ബന്ധം വിഛേദിക്കുവാനും, വിഛേദിപ്പിക്കുവാനും ശ്രമിക്കുന്നു. മറുഭാഗത്ത്, മനുഷ്യന്റെ പരസ്പരമുള്ള ബന്ധത്തെ വിഛേദിക്കുവാൻ ശ്രമിക്കുന്നു. ഉത്തമവാക്കുകൾ അല്ലാഹുവിനോടുള്ള സ്നേഹത്തിലേക്ക് നയിക്കുന്നു, അല്ലാഹുവിനു വേണ്ടി പരസ്പരം മനുഷ്യ സ്നേഹത്തേയും ജനിപ്പിക്കുന്നു.

അതായത് ഞാൻ നേരത്തെ പറഞ്ഞതുപോലെ അല്ലാഹുവിനോടും സൃഷ്ടികളോടുമുള്ള കടമ ഉത്തമവാക്കുകൾ മുഖേന മാത്രമേ നിറവേറ്റപ്പെടുകയുള്ളൂ. അതിനാൽ എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്ന് നാം മുഴക്കുന്ന മുദ്രാവാക്യത്തിൽ അന്യരും പ്രഭാവിതരാകുന്നു. നമ്മുടെ സദസ്സുകളിൽ വരുമ്പോൾ ഇത് വെളിപ്പെടുത്താതിരിക്കാൻ അവർക്ക് കഴിയില്ല. എന്നാൽ നാം പരസ്പരം അത് വെളിപ്പെടുത്തുന്നില്ലായെങ്കിൽ ഈ മുദ്രാവാക്യം നിഷ്ഫലമാണ്. **റുഹമാഉ ബയ്നഹും** എന്നതാണ് അല്ലാഹുവിന്റെ കല്പന. ഞാനത് ആവർത്തിച്ചാവർത്തിച്ച് ജമാഅത്തിനു മുന്നിൽ സമർപ്പിക്കാറുണ്ട്. അതായത് പരസ്പരം കാരുണ്യത്തോടെ വർത്തിക്കുക. സ്നേഹത്തോടെ പെരുമാറുക. അവരാണ് യഥാർത്ഥ വിശ്വാസികൾ. അതാണവരുടെ ലക്ഷണം. വലിയ വലിയ പ്രഭാഷണങ്ങൾ ചെയ്ത്, ഇത് ഞങ്ങളുടെ മുദ്രാവാക്യമാണെന്ന് സ്ഥാപിക്കാൻ എത്ര ശ്രമിച്ചാലും, ജമാഅത്തിന്റെ ഐക്യത്തിന് മാതൃകയാണെന്ന് സമർപ്പിച്ചാലും, ആ ശ്രമങ്ങളെല്ലാം യഥാർത്ഥത്തിൽ പ്രഭാവിതമാകുന്നത്, നാം നമ്മുടെ ഭവനങ്ങളിലും, ചുറ്റുപാടുകളിലും, ഈ അന്തരീക്ഷം സംജാതമാകുമ്പോഴാണ്. അതായത് പരസ്പരം കാരുണ്യത്തോടെ വർത്തിക്കുമ്പോഴാണ്, പരസ്പരം പൊറുത്തുകൊടുക്കുമ്പോഴാണ്. ഇത് അല്ലാഹു പ്രത്യേകമായി ഊന്നൽ നൽകിയിട്ടുള്ള ഒരു നന്മയാകുന്നു. പറയുന്നു: وَلۡيَعۡفُوۡا وَلۡيَصۡفَحُوۡا മാപ്പു ചെയ്യുകയും വിട്ടുവീഴ്ച ചെയ്യുകയും ചെയ്യുക.

ചുരുക്കത്തിൽ അല്ലാഹുവിന്റെ അസീമിതമായ കല്പനകളുണ്ട്. അവ അല്ലാഹുവിന്റെ സാമിപ്യം നേടിത്തരുന്നു. എന്നാൽ ഈ ലോകത്ത് ഓരോ ചുവടിലും ശയ്ത്വാനെ അഭിമുഖീകരിക്കേണ്ടി വരും. അവൻ പല അവസരങ്ങളിലും നമ്മുടെ വാക്കിലും പ്രവർത്തിയിലും വൈരുദ്ധ്യം സംജാതമാക്കിക്കൊണ്ട് അല്ലാഹു യഥാർത്ഥവിശ്വാസിക്കും കാരുണ്യവാന്റെ ദാസർക്കും

നൽകിയിട്ടുള്ള കല്പനകളിൽ നിന്നും അകറ്റിക്കളയാൻ ആഗ്രഹിക്കുന്നു.

ചുരുക്കത്തിൽ ശയ്ത്വാൻ തന്റെ ജോലി തുടർന്നു കൊണ്ടു പോകുന്നതാണെന്നത് ഓർത്തുകൊള്ളുക. അവൻ ആദമിന്റെ സൃഷ്ടിപ്പ് സമയത്തു തന്നെ അല്ലാഹുവിൽ നിന്ന് ഒഴിവ് കരസ്ഥമാക്കിയിരുന്നു. ആരെ സുജൂദ് ചെയ്യാനാണോ നീ കല്പിച്ചത് അവരെ നേർമാർഗ്ഗത്തിൽ നിന്ന് വഴി പിഴപ്പിക്കുവാനായി അവധി നൽകുക. അധികം പേരും എന്നെ അനുഗമിക്കുന്ന തരത്തിൽ ഞാനവരെ വഴിപിഴപ്പിക്കുന്നതാണെന്നും അവൻ പറഞ്ഞു. അതായത് കാരുണ്യവാനായ അല്ലാഹുവിന്റെ ദാസർ കുറവും ശയ്ത്വാന്റെ ദാസർ കൂടുതലുമായിരിക്കും. അല്ലാഹു പറഞ്ഞു, നിന്നെ അനുഗമിക്കുന്നവരെയെല്ലാം ഞാൻ നരകത്തിലിടുന്നതാണ്.

ഈ കാലഘട്ടത്തിൽ ഞാൻ ഉദാഹരണമായി ചൂണ്ടിക്കാട്ടിയത് പോലുള്ള ധാരാളം കാര്യങ്ങൾ അല്ലാഹുവിന്റെ ക്രോധത്തിലേക്ക് നയിക്കുന്നു. അതിന്റെ ശരിയായ ഉപയോഗം തെറ്റല്ല. എന്നാൽ അതിന്റെ തെറ്റായ ഉപയോഗം തിന്മയെ വ്യാപിപ്പിക്കുന്നതിനും, മാലിന്യത്തെയും പാപങ്ങളേയും വ്യാപിപ്പിക്കുന്നതിനുമുള്ള വലിയ മാധ്യമമായിത്തീരുന്നു. ഇതേ വസ്തുക്കൾ തന്നെ നന്മയെ പ്രചരിപ്പിക്കുന്നതിനും ഉപകരിക്കുന്നു.

ടി.വിയുടെ കാര്യം തന്നെയെടുക്കാം. അറിവിന്റേയും ജ്ഞാനത്തിന്റേയും കാര്യങ്ങൾ അതിലുണ്ട്. എന്നാൽ അതുമൂലം നിർലജ്ജതയും സർവസാധാരണമാണ്. ഇക്കാലഘട്ടത്തിൽ ടി.വി ഏറ്റവും ഉത്തമമായി ഉപയോഗപ്പെടുത്തുന്നത് നാം അഹ്മദികളാണ്, അല്ലെങ്കിൽ അഹ്മദിയ്യാ ജമാഅത്താണ്. ജൽസയുടെ ദിവസങ്ങളിലും ഞാനതിലേക്ക് ശ്രദ്ധ ക്ഷണിച്ചിരുന്നു. ചിലരിൽ അത് സ്വാധീനം ചെലുത്തുകയും ചെയ്തിട്ടുണ്ട്. അവർ പറഞ്ഞത്, മുൻപ് ഞങ്ങൾ എം.ടി.എ കാണാറുണ്ടായിരുന്നില്ല. ഇപ്പോൾ താങ്കൾ പറഞ്ഞപ്പോൾ, ശ്രദ്ധ ക്ഷണിച്ചപ്പോൾ ഞങ്ങൾ എം.ടി.എ കാണാൻ തുടങ്ങി. ആദ്യം മുതൽ എന്തുകൊണ്ട് കണ്ടിരുന്നില്ല, അതുമായി ബന്ധപ്പെട്ടില്ല എന്ന് ഖേദിക്കുകയാണിപ്പോൾ. എട്ട് പത്തു ദിവസങ്ങൾക്കുള്ളിൽ തന്നെ തങ്ങളുടെ ആത്മീയവും വൈജ്ഞാനികവുമായ നിലവാരത്തിൽ പുരോഗതി ഉണ്ടായിരിക്കുന്നു എന്ന് ചിലർ വെളിപ്പെടുത്തുകയുണ്ടായി. ജമാഅത്തിനെ കുറിച്ച് കൂടുതൽ അറിവുകൾ ലഭിച്ചു എന്നും പറഞ്ഞു.

അതിനാൽ ഞാൻ വീണ്ടും ഓർമപ്പെടുത്തുകയാണ്. അതിലേക്ക് കൂടുതൽ ശ്രദ്ധിക്കുക. തങ്ങളുടെ ഭവനങ്ങളെ ഈ അനുഗ്രഹത്തിൽ നിന്ന് ഫലമെടുക്കുന്നതാക്കി മാറ്റുക. അല്ലാഹു നമ്മുടെ ശിക്ഷണത്തിനായി, നമ്മുടെ വൈജ്ഞാനികവും ആത്മീയവുമായ പുരോഗതിക്കായി നമുക്ക് നൽകിയതാണിത്. നമ്മുടെ തലമുറകൾ അഹ്മദിയ്യത്തിൽ നിലനിൽക്കുന്നവരായിത്തീരുന്നതിനു വേണ്ടി. അതിനാൽ സ്വയം നമ്മെ എം.ടി.എ യുമായി ബന്ധിപ്പിക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഇപ്പോൾ ഖുത്ബകൾ കൂടാതെ ധാരാളം തൽസമയ പരിപാടികളും പ്രക്ഷേപണം ചെയ്യുന്നുണ്ട്. അത് ദീനിപരവും ആത്മീയവുമായ പുരോഗതിക്ക് കാരണമാകുന്നതോടൊപ്പം വൈജ്ഞാനികപുരോഗതിക്കും കാരണമാകുന്നു.

ഓരോ വർഷവും ജമാഅത്ത് ലക്ഷക്കണക്കിന് ഡോളർ അതിനായി ചെലവഴിക്കുന്നു. ജമാഅത്തംഗങ്ങളുടെ ശിക്ഷണത്തിനു വേണ്ടിയാണിത്. ജമാഅത്തംഗങ്ങൾ ഇതിനെ പ്രയോജനപ്പെടുത്തുന്നില്ലായെങ്കിൽ സ്വയം തന്നെ പിന്തള്ളുകയാണ് ചെയ്യുന്നത്. അന്യർ അതിനെ ധാരാളം പ്രയോജനപ്പെടുത്തുന്നു. ജമാഅത്തിന്റെ സത്യത അവർക്ക് വെളിപ്പെടുന്നു. അല്ലാഹുവിന്റെ തൗഹീദിനെയും ഇസ്‌ലാമിന്റെ യഥാർത്ഥ സത്യത്തെയും കുറിച്ച് അവർക്ക് അറിവ് ലഭിക്കുന്നു.

അതിനാൽ ഇവിടെ വസിക്കുന്ന അഹ്മദികളും ലോകത്ത് വസിക്കുന്ന അഹ്മദികളും എം.ടി.എ പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടതാണ്. എം.ടി.എ യുടെ മറ്റൊരു അനുഗ്രഹം കൂടിയുണ്ട്. ജമാഅത്തിനെ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളുമായി ബന്ധിപ്പിക്കുന്നതിനുള്ള ഒരു വലിയ മാധ്യമമാണിത്. അതിനാൽ അതിനെ ഉപയോഗപ്പെടുത്തേണ്ടതാണ്.

അല്ലാഹു മനുഷ്യന് ബുദ്ധി നൽകി. ആ ബുദ്ധി ഉപയോഗിച്ച് മനുഷ്യൻ തനിക്ക് സൗകര്യങ്ങൾ ഉണ്ടാക്കി. അല്ലാഹു പറയുന്നു.

إِنَّا جَعَلْنَا مَا عَلَى الْأَرْضِ زِينَةً لَّهَا لِنَبْلُوَهُمْ أَيُّهُمْ أَحْسَنُ عَمَلًا ۞٨

തീർച്ചയായും ഭൂതലത്തിലുള്ള എല്ലാ വസ്തുക്കളേയും നാം അതിന് ഒരു അലങ്കാരമാക്കി വെച്ചിരിക്കുന്നു. ഏറ്റവും നന്നായി പ്രവർത്തിക്കുന്നവർ ആരെന്ന് പരീക്ഷിക്കുന്നതിനു വേണ്ടി.

ഇവിടെ ഭൂതലത്തിലുള്ള എല്ലാത്തിനേയും അലങ്കാരമായി വിശേഷിപ്പിച്ചുകൊണ്ട് അതിന്റെ പ്രാധാന്യത്തെ വിവരിച്ചിരിക്കുന്നു. നമ്മുടെ ഓരോ പുതിയ കണ്ടുപിടിത്തങ്ങളെയും അലങ്കാരമെന്ന് പറഞ്ഞ്കൊണ്ട് അതിന്റെ പ്രാധാന്യം വിവരിക്കുന്നു. എന്നാൽ പറയുന്നു, എല്ലാ വസ്തുക്കളുടെയും പ്രാധാന്യം അതിന്റെ സ്ഥാനത്താണ്. അതിനെ സൽപ്രവൃത്തിയുമായി ബന്ധിപ്പിക്കുമ്പോഴാണ് അത് പ്രയോജനപ്പെടുക. അതിനാൽ നമുക്കുള്ള ഉപദേശമിതാണ്, ഈ കണ്ടുപിടുത്തങ്ങളെ പ്രയോജനപ്പെടുത്തുക. എന്നാൽ സൽപ്രവർത്തനങ്ങളായിരിക്കണം ഉദ്ദേശ്യം. അല്ലാഹുവിന്റെ തൃപ്തിക്കനുഗുണമായി പ്രവർത്തിപ്പിക്കുന്നതിലാണ് ഈ കണ്ടുപിടിത്തങ്ങളുടെ മനോഹാരിത. കലഹങ്ങളും കുഴപ്പങ്ങളും ഉണ്ടാകുന്നതിലല്ല. നല്ല പ്രവർത്തനങ്ങളല്ലായെങ്കിൽ ഇവ പരീക്ഷണങ്ങളായി മാറുന്നു. ഞാൻ നേരത്തെ നൽകിയ ഉദാഹരണങ്ങൾ പോലെ. അതായത് ടി.വി. അത് പ്രയോജനവും നൽകുന്നു, പരീക്ഷണവുമാണ്. ധാരാളം വീടുകൾ ഇന്റർനെറ്റും, ചാറ്റിങ്ങും മുഖേന തകരുന്നു. കുട്ടികൾ വഴിതെറ്റുന്നു. കാരണം സ്വാതന്ത്ര്യത്തിന്റെ പേരിൽ അല്ലാഹു സൗകര്യപ്പെടുത്തി തന്ന വസ്തുക്കളെ അനുചിതമായി പ്രയോജനപ്പെടുത്തുന്നു. യഥാർത്ഥ ദാസരോടുള്ള കല്പന എപ്പോഴും ഉത്തമവാക്കുകളെയും ഉത്തമ പ്രവർത്തനങ്ങളെയും ലക്ഷ്യമാക്കുക, ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തിയായിരിക്കണം എന്നാണ്. ഏതായാലും വിശുദ്ധ ഖുർആനിൽ ധാരാളം കല്പനയുണ്ട്. എല്ലാ കല്പനകളുടെയും വിശദീകരണം അസാധ്യമാണ്.

ഒരു കാര്യത്തിലേക്ക് ഞാൻ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്. അതിനെ സംബന്ധിച്ച് ആരംഭം മുതൽ ഞാൻ പറഞ്ഞു വന്നിട്ടുണ്ട്. അല്ലാഹു ഒരു സ്ഥലത്ത് ഉത്തമ വാക്കുകളെ സംബന്ധിച്ച് പറയുന്നു,

وَمَنْ أَحْسَنُ قَوْلًا مِّمَّن دَعَا إِلَى اللَّهِ وَعَمِلَ صَالِحًا
وَقَالَ إِنَّنِي مِنَ الْمُسْلِمِينَ ۞٣٤

അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കുകയും, സൽക്കർമങ്ങളനുഷ്ഠിക്കുകയും, ഞാൻ അനുസരണമുള്ളവരിൽ പെട്ടവൻ തന്നെയാണെന്നു പറയുകയും ചെയ്യുന്ന ഒരുവനേക്കാൾ നല്ലവാക്ക് പറയുന്നവരാരുണ്ട്?

ഒരു യഥാർത്ഥ ദാസനിൽ നിന്ന് പ്രതീക്ഷിക്കാവുന്ന സുന്ദരമായ അദ്ധ്യാപനമാണിത്. അങ്ങിനെ പ്രതീക്ഷിക്കേണ്ടതുമാണ്. ഞാൻ ആരംഭത്തിൽ പാരായണം ചെയ്ത വചനത്തിൽ പറഞ്ഞിരുന്നത് يَقُولُوا الَّتِي هِيَ أَحْسَنُ ഏറ്റവും ഉത്തമമായ കാര്യങ്ങൾ പറയുക എന്നതായിരുന്നു. അല്ലാഹു ചെയ്യാനായി കല്പിച്ചിട്ടുള്ള കാര്യങ്ങളാണ് ഏറ്റവും ഉത്തമമായ കാര്യങ്ങൾ. എന്നാൽ ഈ വചനത്തിൽ പറയുന്നത് പ്രസ്തുത എല്ലാ നല്ലകാര്യങ്ങളും ഈയൊരു കാര്യത്തിൽ സമ്മേളിച്ചിരിക്കുന്നു. അതായത് അതിന്റെയെല്ലാം രത്നച്ചുരുക്കമാണ് ഈ കാര്യം എന്നാണ്.

അതായത് അല്ലാഹുവിലേക്ക് ക്ഷണിക്കുന്നതാണ് ഏറ്റവും ഉത്തമമായ വാക്കുകൾ. അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർക്ക് സ്വയം ആത്മപരിശോധനയും ചെയ്യേണ്ടതുണ്ട്. അതായത് ഏതൊന്നിലേക്കാണോ ക്ഷണിക്കുന്നത് അതിനെ താൻ എത്രത്തോളം പ്രായോഗികമാക്കുന്നുണ്ട്.

ഞാൻ ആരംഭത്തിലും പറഞ്ഞിരുന്നു. അല്ലാഹു പറയുന്നു, നിങ്ങൾ പ്രവർത്തിക്കാത്തത് പറയരുത്. കാരണം അത് പാപമാകുന്നു. ചുരുക്കത്തിൽ ഞാൻ പറഞ്ഞ് വന്നത് പോലെ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരുടെ വാക്കുകളും പ്രവൃത്തിയും ഒന്നായിരിക്കേണ്ട താണ്. തങ്ങളെ പൂർണമായും അല്ലാഹുവിന്റെ തൃപ്തിക്ക് അനുഗുണ മാക്കിമാറ്റേണ്ടതാണ്. ഇതാണ് ഇസ്‌ലാമിക അദ്ധ്യാപനത്തിന്റെ ഏറ്റവും ഉത്തമമായ മാതൃക. അല്ലാഹുവിലേക്ക് ക്ഷണിക്കുക. അതിനേക്കാൾ ഉത്തമമായ വാക്കുകൾ മറ്റൊന്നുമില്ല. അല്ലാഹു വളരെ ഇഷടപ്പെടുന്ന കാര്യമാണിത്. എന്നാൽ ക്ഷണിക്കുന്ന തിനായി തങ്ങളുടെ കർമങ്ങളെ സൽക്കർമങ്ങളാക്കി മാറ്റേണ്ടതാണ്. അല്ലാഹുവിന്റെ നിർദ്ദേശങ്ങൾക്കനുസരിച്ചതും, നന്മയെ വ്യാപിപ്പിക്കുന്നതും, കാലാനുസൃതവും സമുദ്ധാരണ ഹേതുവുമായ കർമങ്ങളാണ് സൽകർമങ്ങൾ എന്നറിയപ്പെടുന്നത്. ഇവിടെ സൽ ക്കർമത്തിനൊരുദാഹരണം നൽകുകയാണ്. ഇതിന് നേരിട്ട് ഇതു മായി ബന്ധമില്ലെങ്കിലും കര്യത്തെ സ്പഷ്ടമാക്കുന്നതിന് വേണ്ടി യാണ് പരാമർശിക്കുന്നത്. ഞാൻ നേരത്തെ പറഞ്ഞു. മാപ്പ് കൊടു ക്കുകയും വിട്ടുവീഴ്ച്ച ചെയ്യുകയും ചെയ്യുക എന്നത് നന്മയാകുന്നു. അല്ലാഹു പറയുന്നു, ക്ഷമിക്കുന്ന ശീലം ഉണ്ടാക്കിയെടുക്കുക. എന്നാൽ മോഷണം പതിവാക്കിയ കള്ളന് മാപ്പ് കൊടുക്കുന്നത് അല്ലെങ്കിൽ കൊല ശീലമാക്കിയ കൊലയാളിക്ക് മാപ്പ് നൽകുന്നത് ഉത്തമ കാര്യമല്ല. സൽക്കർമവുമല്ല. സമൂഹത്തെ നഷ്ടത്തിൽ നിന്ന് രക്ഷിക്കുന്നതിനായി, തിന്മയിൽ നിന്ന് തടയുന്നതിനായി ആവർത്തിച്ച് ബോധപൂർവ്വം തെറ്റു ചെയ്യുന്നവരെ ശിക്ഷിക്കുക എന്നതാണ് ഇവിടെ സൽക്കർമ്മം. അത് പോലെ ധാരാളം ഉദാഹരണങ്ങളുണ്ട്.

ഏതായാലും അല്ലാഹു പറയുന്നു, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവരേക്കാൾ ഉത്തമരായി മറ്റാരുമില്ല. ഇത് അല്ലാഹുവിന് വളരെ ഇഷ്ടപ്പെട്ട കാര്യമാണ്. എന്നാൽ അല്ലാഹുവിലേക്ക് ക്ഷണിക്കുന്നവർ ഓർക്കേണ്ടത്, അല്ലാഹുവിലേക്ക് ക്ഷണിക്കുക എന്നത് മാത്രം മതിയാവുന്നതല്ല. മറിച്ച് അവരുടെ ഓരോ കർമവും സൽകർമങ്ങളായിരിക്കണം. ഒരുഭാഗത്ത് ഞാൻ അല്ലാഹുവിന്റെ പ്രത്യേക ദാസാനാണ്, അതുകൊണ്ട് അല്ലാഹുവിന്റെ സന്ദേശം എത്തിക്കേണ്ടത് എന്റെ ബാധ്യതയാണെന്ന് പറയുകയും മറുഭാഗത്ത് തന്റെ ഭാര്യാമക്കളുടെ അവകാശങ്ങൾ നൽകാതിരിക്കുകയോ, അല്ലെങ്കിൽ സ്ത്രീകൾ തങ്ങളുടെ വീടിന്റെ മേൽനോട്ടം വഹിക്കാതിരിക്കുകയും കുട്ടികൾക്ക് ശിക്ഷണത്തിൽ ശ്രദ്ധ നൽകാതിരിക്കുകയും ചെയ്യുകയോ, അല്ലെങ്കിൽ മറ്റേതെങ്കിലും ഇസ്‌ലാമിക കല്പനയെ പ്രാവർത്തികമാക്കാതിരിക്കുകയോ, സ്ത്രീകളുടെ വസ്ത്രങ്ങൾ ഇസ്‌ലാം കല്പ്പിക്കുന്ന ലജ്ജയ്ക്കും വിശുദ്ധതയ്ക്കും അനുഗുണമല്ലാതിരിക്കുകയോ ചെയ്യുക സാധ്യമല്ല. അങ്ങിനെയുള്ളവരുടെ തബ്‌ലീഗ് ഫലമായി ആരെങ്കിലും ഇസ്‌ലാം സ്വീകരിച്ചുകൊണ്ട് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുമ്പോൾ പറയും, എന്നെ നിങ്ങൾ തബ്‌ലീഗ് ചെയ്തു. പക്ഷേ ഖുർആൻ ലജ്ജയെയും മറയെയും കുറിച്ച് കല്പ്പിക്കുന്നു. നിങ്ങൾ അതനുസരിച്ചല്ല പ്രവർത്തിക്കുന്നത്. അത് പോലെ മറ്റ് ധാരാളം ദുഷ്പ്രവർത്തികളുമുണ്ട്. നന്നായി തബ്‌ലീഗു ചെയ്യുന്നതിന്റെ ഫലമായി ഈ തെറ്റുകൾ പൊറുക്കപ്പെടുന്നതല്ല.

അല്ലാഹു പറയുന്നു, നല്ല വാക്കുകൾ പറയുന്നവർ സൽക്കർമങ്ങൾ ചെയ്യുന്നവരുമായിരിക്കണം. ഞാൻ അജ്ഞാനുസാരിയാണ് എന്ന് പ്രകടിപ്പിക്കുന്നവരായിരിക്കണം. അല്ലാഹുവിന്റെ എല്ലാ കല്പനകളെയും ഞങ്ങൾ കേട്ടു അനുസരിച്ചു എന്ന് മുദ്രാവാക്യം മുഴക്കുന്നവരായിരിക്കണം. ഇതാണ് ഒരു യഥാർത്ഥ മുസ്‌ലിമിന്റെ ലക്ഷണങ്ങൾ. അതിനാൽ ഇത് സംബന്ധമായി ഞാൻ ആസ്ത്രേ ലിയൻ ജമാഅത്തിന്റെ ശ്രദ്ധ ക്ഷണിക്കാൻ ആഗ്രഹിക്കുകയാണ്, അല്ലാഹുവിലേക്ക് ക്ഷണിക്കുന്നത് അല്ലാഹുവിന് വളരെ ഇഷ്ട മാണെന്ന് ഓർത്തുകൊള്ളുക. എന്നാൽ അതിനായി അതോടൊപ്പം തങ്ങളുടെ കർമങ്ങൾ അല്ലാഹുവിന്റെ കല്പനകൾക്കനുഗുണമാക്കി മാറ്റേണ്ടത് അത്യാവശ്യമാണ്. പരിപൂർണ്ണ അനുസരണത്തിന്റെയും അനുധാവനത്തിന്റെയും മാതൃക പ്രദർശിപ്പിക്കേണ്ടത് അനിവാര്യമാണ്. 23 മില്യന് അടുത്ത് ജനവാസമുള്ള ഈ രാജ്യം വിസ്തൃതിയിൽ വളരെ വിശാലമാണ്. വൻ കരയാണിത്. എന്നാൽ ജനവാസം കുറവാണ്. ഏതാനും പട്ടണങ്ങളിൽ പരിമിതമാണ്. ചില പട്ടണങ്ങൾ തമ്മിലുള്ള ദൂരം വളരെ കൂടുതലുമുണ്ട്. എന്നാൽ ഞാൻ ജൽസയിൽ പറഞ്ഞിരുന്നത് പോലെ ലജ്നയും ,ഖുദ്ദാമും, അൻസാറും ജമാഅത്തി സംവിധാനവും തബ്‌ലീഗീ പ്രവർത്തന ങ്ങളിലേക്ക് പൂർണ്ണ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. സന്ദേശമെത്തിക്കുക എന്നതാണ് നമ്മുടെ ചുമതല. ഫലം വെളിപ്പെടുത്തേണ്ടത് അല്ലാഹുവാണ്. നാം നമ്മുടെ പ്രവർത്തനങ്ങളോടൊപ്പം അല്ലാഹുവിനോട് ദുആയും ചെയ്യുകയാണെങ്കിൽ إِنْ شَاءَ اللهُ ഫലങ്ങളും വെളിപ്പെടുന്നതാണ്. ഞങ്ങൾക്ക് അഹ്മദിയ്യാ ജമാഅത്തിനെ അറിയില്ല എന്നാരും പറയരുത്.

അവിചാരിതമായി പെരുന്നാൾ ദിവസം ഇവിടുത്തെ സ്റ്റുഡി യോയിൽ നിന്നും എം.ടി.എ യിൽ വന്ന പരിപാടി കണ്ടുകൊണ്ടി രുന്നപ്പോൾ നാഇബ് അമീർ ഖാലിദ് സയ്ഫുല്ലാഹ് സാഹിബ് പറഞ്ഞു, 1989 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് ഇവിടെ പെരുന്നാളും, ജുമുഅയും നമസ്കരിപ്പിക്കുകയുണ്ടായി. അന്ന് പള്ളി വളരെ വിശാലമായി തോന്നിയിരുന്നു. കൂടിവന്നാൽ 250 പേരാണ് അന്നിവിടെ ഉണ്ടായിരുന്നത്. ഇന്ന് അവരുടെ അഭിപ്രായത്തിൽ 2500 നടുത്തുണ്ട്. അപ്പോൾ പെട്ടെന്നുള്ള എന്റെ പ്രതീകരണം.اَلْحَمْدُ لِلّٰهِ അംഗസംഖ്യ വർദ്ധിപ്പിച്ചതിൽ അല്ലാഹുവിന് നന്ദി പറയുക എന്നായിരുന്നു.

പിന്നീട് ഞാൻ ആലോചിച്ചപ്പോൾ എനിക്ക് ചിന്ത അധികരിച്ചു. ഏകദേശം 24 വർഷങ്ങൾക്ക് ശേഷമുള്ള ഈ അംഗ സംഖ്യ വർദ്ധ നവിൽ കൂടതലും പാകിസ്ഥാനിൽ നിന്നും ഫിജിയിൽ നിന്നും വന്നവരാണ്. തബ്‌ലീഗിലൂടെ ഒരു പക്ഷേ 2,4 പേർ അഹ്മദിയായി ട്ടുണ്ടാകാം. എന്നാൽ അവരെയും സംരക്ഷിക്കാൻ കഴിഞ്ഞില്ല. 24 വർഷം കൊണ്ട് 24 പ്രാദേശിക അഹ്മദികളെ ഉണ്ടാക്കാൻ പോലും സാധിച്ചിട്ടില്ല. അതായത് ഒരു വർഷത്തിൽ ഒരു അഹ്മദി പോലും ഉണ്ടായിട്ടില്ല. ഇവിടെയുണ്ടായിട്ടുള്ള അംഗസഖ്യയുടെ വർദ്ധനവിന് കാരണം പാക്കിസ്ഥാനിലെയും ഫിജിയയിലെയും അംഗസംഖ്യയി ലെ കുറവാണ്. ആസ്ത്രേലിയൻ ജമാഅത്തിന്റെ പരിശ്രമഫല മായിട്ടല്ല. അതിനാൽ യാഥാർഥ്യത്തിൽ നിന്ന് നാം കണ്ണടക്കരുത്. അതിനെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. ഇത് ചിന്താർഹമായ കാര്യമാണ്. കുറഞ്ഞപക്ഷം എന്നെ സംബന്ധിച്ച് ഇത് ചിന്താർഹമായ കാര്യം തന്നെയാണ്.

അതു പോലെ പ്രാദേശികരെ കൂടാതെ മറ്റ് സ്ഥലങ്ങളിൽ നിന്നും കുടിയേറിപ്പാർത്ത ആസ്ത്രേലിയക്കാർ എന്ന് വിളിക്കപ്പെടുന്നവരെ കൂടാതെ ഇവിടെ മറ്റ് സമുദായക്കാരും വാസമുറപ്പിച്ചിട്ടുണ്ട്. അവരിലും തബ്‌ലീഗ് ചെയ്യേണ്ടതുണ്ട്. കൃത്യമായി ആസൂത്രണം ചെയ്തതിനു ശേഷം തബ്‌ലീഗിനായി ഇറങ്ങേണ്ടതാണ്. ആസ്ത്രേ ലിയക്കാരിൽ കാര്യങ്ങൾ ശ്രവിക്കുന്നതിനുള്ള താൽപര്യവും ആഗ്രഹവും ഉള്ളതായി ഞാൻ കണ്ടിട്ടുണ്ട്. ബന്ധങ്ങൾ സ്ഥാപിച്ച് അവരിലേക്ക് എത്തുകയാണെങ്കിൽ അവരിൽ നിന്ന് യഥാർത്ഥ ദീനിനെ സ്വീകരിക്കുന്ന അല്പം പേരെങ്കിലും തീർച്ചയായും ഉണ്ടാകുന്നതാണ്. എല്ലാ വിഭാഗത്തിലുള്ള ആളുകളിലേക്കും

ഇസ്‌ലാമിന്റെ ശാന്തിയുടെയും സമാധാനത്തിന്റെയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം എത്തിക്കേണ്ടത് നമ്മുടെ ചുമതലയാകുന്നു. ഇവിടെ ഞാൻ കണ്ട ചിലർക്ക് അഹ്മദികളെ കുറിച്ചറിയാം എന്നാൽ അവരിൽ അധികം പേർക്കും ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശത്തെ കുറിച്ചുള്ള അറിവില്ലായിരുന്നു. അഹ്മദിയ്യത്ത് ഒരു പ്രസ്ഥാനമാണ്, അഹ്മദികൾ നല്ല സ്വഭാവക്കാരാണ് എന്നവർ മനസ്സിലാക്കുന്നു. ഇവരുടെ സുഹൃത്തുക്കളാണ്. എന്നാൽ ഇസ്‌ലാമിന്റെ അടിസ്ഥാന സന്ദേശം അവരിലേക്കെത്തിയിട്ടില്ല. അതിനാൽ അക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

വൈകല്യമുള്ള വ്യക്തിയായിരുന്നിട്ട് കൂടി 20,000 ലീഫ്ലൈറ്റ്സ് വിതരണം ചെയ്ത ഒരു ആത്മാർത്ഥ സുഹൃത്തിന് ജൽസയിൽ ഉപഹാരം നൽകപ്പെട്ടിരുന്നു. ഈ രാജ്യത്ത് 4,000 അഹ്മദികളാണെന്നാണ് പറയപ്പെടുന്നത്. എന്റെ അഭിപ്രായത്തിൽ 5,000 ഉണ്ടാകേണ്ടതാണ്. ഇനി 5,000 ത്തിന്റെ കണക്കനുസരിച്ച് അതിന്റെ പകുതി പേർ ഫ്ലൈറ്റ്സ് വിതരണം ചെയ്തിരുന്നെങ്കിൽ 10 മില്യൻ വിതരണം ചെയ്യാമായിരുന്നു. ആസ്ത്രേലിയയുടെ പകുതി ജനങ്ങൾക്ക് ഇസ്‌ലാമിന്റെ ശാന്തിസന്ദേശം എത്തിക്കാൻ സാധിക്കുമായിരുന്നു. ഒരു വർഷത്തിനുള്ളിൽ നേരിയ ചിത്രം പ്രചരിപ്പിക്കുമായിരുന്നു. എന്നാൽ അതിന്റെ നാലിൽ ഒന്ന് ഭാഗമെങ്കിലും വിതരണം ചെയ്തിരുന്നെങ്കിൽ, 10 ഒരു ഭാഗമെങ്കിലും വിതരണം ചെയ്തിരുന്നുവെങ്കിൽ മാധ്യമങ്ങളുടെ ശ്രദ്ധ ആകർഷിക്കാമായിരുന്നു. പിന്നീട് പത്രങ്ങൾ തന്നെ ഈ സന്ദേശത്തെ ഏറ്റെടുക്കുന്നതാണ്. പല രാഷ്ട്രങ്ങളിലും അങ്ങിനെ സംഭവിച്ചിട്ടുണ്ട്. അമേരിക്ക പോലുള്ള രാജ്യങ്ങളിലും അങ്ങിനെ സംഭവിച്ചിട്ടുണ്ട്. ബാക്കി ജോലികൾ അവർ മുഖേന നടക്കുന്നതാണ്.

മാധ്യങ്ങളോട് ശ്രദ്ധയും ബന്ധവും ഉണ്ട്, നല്ലത് തന്നെ. എന്നാൽ ഇതിനെ ഇസ്‌ലാമിന്റെ യഥാർത്ഥ സന്ദേശം എത്തിക്കുന്നതിനായി പ്രയോജനപ്പെടുത്തേണ്ടതാണ്. ഇവിടെ വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന ധാരാളം മുതിർന്നവർ ഉണ്ട്. അവരോട് എനിക്ക് പറയാനുള്ളത്, ഇവർക്ക് പണിയൊന്നുമില്ല, വീട്ടിൽ വെറുതെ ഇരിക്കുകയാണ്. തങ്ങളുടെ സമയം സമർപ്പിക്കുക. ലിഫ്ലെറ്റ്സ് വിതരണം ചെയ്യുക. ജമാഅത്തിന്റെ സാഹിത്യങ്ങൾ കൊണ്ടു പോയി തബ്‌ലീഗ് ചെയ്യുക, വിതരണം ചെയ്യുക. ഞാൻ നൽകിയ കണക്കുകൾ കാര്യങ്ങളെ മനസ്സിലാക്കിത്തരുന്നതിനായിട്ടാണ്. പ്രസിദ്ധീകരിക്കുന്നതിനുള്ള ചെലവും മറ്റും ഇപ്പോൾ ആസ്ത്രേലിയക്ക് താങ്ങാൻ കഴിയില്ലായിരിക്കാം എന്നെനിക്കറിയാം. 5,10 പെൻസോ, ഒരു സെന്റോ ഒരു ലിറ്ററേച്ചർ പ്രസിദ്ധീകരിക്കുവാൻ വേണ്ടി വന്നാൽ 10 മില്യന് കുറഞ്ഞത് 5 ലക്ഷം ഡോളറെങ്കിലും വേണ്ടി വരും. എന്നാൽ ഏതാനും ലക്ഷം പ്രസിദ്ധീകരിക്കുകയാണെങ്കിൽ ധാരാളം കാര്യങ്ങൾ ചെയ്യാവുന്നതാണ്. അത് സാധ്യവുമാണ്. ബാക്കി ഞാൻ പറഞ്ഞതു പോലെ പ്രസ്സുമായുള്ള ബന്ധം അതേ ജോലി തന്നെയാണ് ചെയ്യുന്നത്.

നിങ്ങൾ രക്ത ദാനവും സംഘടിപ്പിക്കാറുണ്ടെന്ന് കേട്ടു. എന്നാൽ ഇതിനെ ഇസ്‌ലാമിന്റെ പേരുമായി ബന്ധിപ്പിക്കുക. അപ്പോൾ ഇസ്‌ലാമിന്റെ സമാധാന സന്ദേശം ലോകത്ത് ബോധ്യമാകുന്നതാണ്. ഇൻശാ അല്ലാഹ് പിന്നീട് ശ്രദ്ധയുണ്ടാകുന്നതും തുടർന്ന് മാർഗങ്ങൾ സ്വയം തുറക്കപ്പെടുന്നതുമാണ്. ഇതിനായി ഏറ്റവും പ്രധാനമായി അല്ലാഹു പറയുന്നത്, നിങ്ങളുടെ കർമങ്ങൾ നല്ലതായിരിക്കണം, നന്മയിൽ മുന്നേറുന്നവരായിരിക്കണം, അല്ലാഹുവിലുള്ള വിശ്വാസം പൂർണമായിരിക്കണം, ദുആയിലേക്ക് ശ്രദ്ധയുണ്ടായിരിക്കണം എന്നതാണ്. അല്ലാഹു നമ്മെ സൽക്കർമങ്ങൾ ചെയ്യുകയും, നന്മയിൽ മുന്നേറുകയും, അവന്റെ തൃപ്തിക്കനുസൃതമായി പ്രവർത്തിക്കുകയും ചെയ്യുന്ന ദാസരിൽ ഉൾപ്പെടുത്തട്ടെ. പിന്നീട് അല്ലാഹു അതിന്റെ സൽപരിണാമത്തെ വെളിപ്പെടുത്തട്ടെ. നമ്മുടെ ഇവിടുത്തെ അംഗസംഖ്യയിലുള്ള വർദ്ധനവ് പ്രാദേശികർ മൂലവുമുണ്ടാകട്ടെ. അല്ലാഹു അങ്ങിനെ ആക്കിത്തീർക്കുമാറാകട്ടെ.

നമസ്കാരത്തിന് ശേഷം ഞാനൊരു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ബഹുമാനപ്പെട്ട സാഹിബ് സാദി അമത്തുൽ മത്തീൻ സാഹിബയുടേതാണ്. അവർ ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ന്റെ പുത്രിയും മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബിന്റെ പത്നിയുമായിരുന്നു. ഒക്ടോബർ 14 ാം തിയ്യതി രാത്രി ഏകദേശം 12 മണിക്ക് റബ്‌വയിലാണ് വഫായത്തായത്. إِنَّا لِلّٰهِ وَإِنَّا إِلَيْهِ رَاجِعُوْنَ പെരുന്നാൾ ദിവസമായിരുന്നു കബറടക്കം. 1936, ഡിസംബർ 21 ന് അവർ ഖാദിയാനിൽ ജനിച്ചു. ദാറുൽ മസീഹിലാണ് ജനനം. ഹദ്റത് അമ്മാജാനും മുസ്‌ലിഹ് മൗഊദ് (റ) ഉം അവർക്ക് വേണ്ടി ധാരാളം ദുആ ചെയ്തിട്ടുണ്ട്. അവർ ഹദ്റത് സയ്യിദ മർയം സിദ്ധീഖ സാഹിബയുടെ ഏകമകളായിരുന്നു. ഹദ്റത് ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബിന്റെ പേരമകളായിരുന്നു. ഹദ്റത് ഖലീഫത്തുൽ മസീഹ് സാനിയുടെ അമ്മാവനായിരുന്നു ഡോക്ടർ മീർ മുഹമ്മദ് ഇസ്മാഈൽ സാഹിബ്. ഹദ്റത് മുസ്‌ലിഹ് മൗഊദ് ഇവർക്കായി ചില കവിതകളും എഴുതിയിരുന്നു. അത് കലാമെ മഹ്മൂദിൽ അത്ഫാലുൽ അഹ്മദിയ്യായുടെ സംഘഗാനം എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട് അതിലെ ഒരു വരി ഇപ്രകാരമാണ്.

*മേരീ രാത് ദിൻ ബസ് യഹീ ഇക് സദാ ഹെ,*

*ഇസ് ആലമെ കൗൻ കാ ഇക് ഖുദാ ഹെ.*

ഏതായാലും ഹദ്റത് മസീഹ് മൗഊദ് (അ) ന്റെ മക്കളിൽ വിശേഷിച്ച് പെൺമക്കളിൽ ഇവർക്ക് അല്ലാഹുവിനോട് അഗാധമായ ബന്ധമായിരുന്നു ഉണ്ടായിരുന്നത്. നമസ്കാരത്തിൽ കൃത്യനിഷ്ഠതയും, വളരെ ശ്രദ്ധയോടും സൂക്ഷമതയോടും കൂടി നമസ്കരിക്കുന്നവരും, ദീർഘ നമസ്കാരം അനുഷ്ഠിക്കുന്നവരുമായിരുന്നു. അവർക്ക് ജീവിതം വഖ്ഫ് ചെയ്ത തന്റെ ഭർത്താവായ മീർ മഹ്മൂദ് അഹ്മദ് നാസിർ സാഹിബിനോടൊപ്പം സ്പെയ്നിലും അമേരിക്കയിലും മുബല്ലിഗായി സേവനമനുഷ്ഠിക്കുമ്പോൾ കൂടെ താമസിക്കുന്നതിനുള്ള അവസരം ലഭിച്ചിട്ടുണ്ട്. ഒരു മുബല്ലിഗിന്റെ ഭാര്യയുടെ കടമകൾ പൂർത്തിയാക്കിയിരുന്നു.

സ്പെയ്നിൽ മസ്ജിദ് ബിശാറത്ത് നിർമ്മിക്കപ്പെട്ടപ്പോൾ ഇവർ അവിടെയുണ്ടായിരുന്നു. അതിന്റെ ഉദ്ഘാടന പരിപാടിയുടെ തയ്യാറെടുപ്പിൽ വളരെ സേവനം അനുഷ്ഠിക്കുകയുണ്ടായി. അന്ന് പ്രത്യേക സംവിധാനമൊന്നും ഉണ്ടായിരുന്നില്ല. ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഉം തൽസംബന്ധമായി പരാമർശിച്ചിരുന്നു. രാത്രി 3 മണിക്കാണ് ജോലിയെല്ലാം കഴിഞ്ഞ് ഉറങ്ങിയിരുന്നത്. എന്നിട്ടും ഉറങ്ങാൻ അവസരം ലഭിച്ചു എന്നതിൽ സന്തോഷിക്കുമായിരുന്നു. ദിന രാത്രങ്ങളോളം പണിയെടുത്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മസ്ജിദ് ബിശാറത്തിന്റെ ഉദ്ഘാടന പരിപാടി വിജയകരമായി നടത്തപ്പെട്ടു. അതിഥികൾക്കും ഖലീഫത്തുൽ മസീഹ് റാബിഅ്ന് വേണ്ടിയും ഭക്ഷണം സ്വന്തം മേൽനോട്ടത്തിലാണ് തയ്യാറാക്കിയിരുന്നത്. അന്ന് ലങ്കറിന്റെ സംവിധാനവും ഉണ്ടായിരുന്നില്ല. അമേരിക്കയിലെ കാലിഫോർണിയായിൽ നീണ്ട കാലം ഉണ്ടായിരുന്നു. അന്ന് അവിടെ ജമാഅത്തിന്റെ അവസ്ഥ അത്ര മെച്ചമല്ലായിരുന്നു. വാഷിംഗ്മെഷീനൊന്നും ഉണ്ടായിരുന്നില്ല. വസ്ത്രങ്ങൾ കഴുകുന്നതിനും മറ്റ് ഗാർഹിക ജോലികൾക്കുമായി വേലക്കാരിയെ നൽകിയപ്പോൾ സ്വീകരിച്ചില്ല. വീട്ടു ജോലികൾ സ്വയം ചെയ്യുന്ന ശീലമുണ്ടായിരുന്നു.

ലജ്ന മർകസിയ്യ പാക്കിസ്ഥാനിലും ഇവർ വിവിധ പദവികളിൽ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചിരുന്നു. ഖിലാഫത്തുമായി വളരെ കൂറുള്ള ബന്ധമായിരുന്നു. എന്റെ മാതൃ സഹോദരിയായിരുന്നു. എന്നാൽ ഖിലാഫത്തിനു ശേഷം ഉള്ള സ്നേഹത്തിന്റെയും ബഹുമാനത്തിന്റെയും ആദരവിന്റെയും ബന്ധം വളരെ വർദ്ധിച്ചിരുന്നു. ലണ്ടനിൽ വെച്ച് ആദ്യമായി കണ്ടപ്പോൾ ആരോടോ പറഞ്ഞത്, തുറന്ന് സംസാരിക്കാൻ സാധിക്കുന്നില്ല എന്നാണ്.

ഈ വർഷവും ജൽസയിൽ സംബന്ധിച്ചിരുന്നു. രോഗിയായിരുന്നു. എന്നാലും ലണ്ടനിൽ ജൽസക്കായി എത്തി. അവരുമായി കൂടിക്കാഴ്ച്ചയും നടന്നിരുന്നു.

അവർക്ക് 4 ആണ് മക്കളും ഒരു പെൺകുട്ടിയുമാണുള്ളത്. ആൺമക്കളിൽ രണ്ട് പേർ വഖ്ഫെ സിന്ദഗിയാണ്. ഡോക്ടർ ഗുലാം അഹ്മദ് ഫാറൂഖ് സാഹിബ് കമ്പ്യൂട്ടർ സയൻസിൽ അമേരിക്കയിൽ നിന്ന് പി.എച്ച്.ഡി എടുക്കുകയും ഇപ്പോൾ റബ്വയിൽ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ ഓഫീസിൽ ജോലി ചെയ്യുകയും ചെയ്യുന്നു. രണ്ടാമത്തെ വഖ്ഫെ സിന്ദഗി അമേരിക്കയിലായിരുന്നു. തന്റെ ജോലി ഉപേക്ഷിച്ച് ലണ്ടനിൽ എത്തി. അവിടെ എന്നോടൊപ്പമുണ്ട്. മുഹമ്മദ് അഹ്മദ് സാഹിബ്. ഇവിടെയും വന്നിരുന്നു. മാതാവിന്റെ വഫാത്തിന് ഏതാനും ദിവസം മുമ്പ് റബ്വയിലേക്കു പോയതായിരുന്നു. വളരെ ആത്മാർഥതയോടു കൂടി സേവനം ചെയ്യുന്നവരാണ് രണ്ട് സഹോദരന്മാരും. അല്ലാഹു ഇവർക്ക് ഭാവിയിലും തൗഫീഖ് നൽകട്ടെ. മർഹൂമയുടെ പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ ഒരു മകൾ ഹോളണ്ടിലാണ്. ഒരു മകൻ ദുബായിൽ ഡോക്ടറാണ്. മറ്റൊരു മകൻ അമേരിക്കയിലും. അല്ലാഹു എല്ലാവർക്കും ജമാഅത്തുമായും ആത്മാർത്ഥ ബന്ധം നിലനിർത്തുന്നതിനുള്ള തൗഫീഖ് നൽകട്ടെ. മീർ മഹ്മൂദ് അഹ്മദ് സാഹിബ് ഏകാന്തത അനുഭവിക്കുകയാണ്. അല്ലാഹു അദ്ദേഹത്തിന് തന്റെ അനുഗ്രഹത്താൽ സമാധാനം നൽകട്ടെ. കുറവ് അല്ലഹുവിന് തന്റെ അനുഗ്രഹത്താൽ മാത്രമേ പൂർത്തീകരിക്കാൻ സാധിക്കുകയുള്ളൂ. ദീർഘകാലം കൂടെ കഴിഞ്ഞവർ വേർപിരിയുമ്പോൾ ഇത്തരം അനുഭവമായിരിക്കും. അല്ലാഹു മർഹൂമയുടെ പദവികൾ ഉയർത്തട്ടെ. നമസ്കാരത്തിനു ശേഷം അവരുടെ ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്.

**PRINTED BOOKS**

**To**

**From**

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2013 October 18 at : Australia
Translation: T.M.Abdul Mujeeb, Kakkanad - 09946794987

Typing: A.T.Nasarudheen
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**